DESPATCHED
On 29/01/2022

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.155 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 577/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി : 30.12.2021

ശ്രീമതി പി.ശശികല,
ടി.സി.2/3120-1, PLRA-115,
പനച്ചമൂട് ലെയ്ൻ, പട്ടം, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നഗരസഭാ കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
നഗരസഭാ കാര്യാലയം,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 09.10.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 06.12.2017 |
| ഒന്നാം അപ്പീൽ | Nil |
| അപ്പീൽ അധികാരിയുടെ തീരുമാനം | nil |
| രണ്ടാം അപ്പീൽ | 16.01.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 09.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി പി.ശശികല 09.10.2017 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടത്, കേരള ഗസറ്റ് അസാധാരണം GO(P)No.227/2014/LSGD dt 20/12/2014 നുശേഷം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് സ്കീമിൽ

RIGHT TO INFORMATION

സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര അനുവാദങ്ങൾ? വ്യക്തിപരവും സ്ഥാപനങ്ങളും വേർതിരിച്ചുള്ള വിവരം ലഭ്യമാക്കണം എന്നതുമായി ബന്ധപ്പെട്ട് 3 ഇന വിവരങ്ങളായിരുന്നു.

2. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാര് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 09.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരിയും ഹാജരായിരുന്നില്ല.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി അപ്പീൽ ഹർജിയിന്മേൽ പരാതിയില്ലെന്ന് ഹർജിക്കാരി ഫോൺ മുഖാന്തിരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടി ആവശ്യമില്ലെന്ന്കണ്ട് **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn